(സി) ടൂറിസം രംഗത്തെ കേന്ദ്ര നിക്ഷേപം സംബന്ധിച്ച കഴിഞ്ഞ അഞ്ചു വർഷത്തെ വിശദാംശം താഴെപ്പറയും പ്രകാരമാണ് :

ക്രമ. നമ്പർ	സാമ്പത്തിക വർഷം	സംസ്ഥാനം സമർപ്പിച്ച പദ്ധതി തുക	കേന്ദ്രം അനുവദിച്ച തുക
1	2010-11	--	41.028 കോടി
2	2011-12	--	58.553 കോടി
3	2012-13	112.265 കോടി	78.265 കോടി
4	2013-14	55.85 കോടി	34.672 കോടി
5	2014-15	80.37 കോടി	അന്തിമ അംഗീകാരം ലഭിച്ചിട്ടില്ല

നാട്ടിക ബീച്ച് ടൂറിസം വികസന പദ്ധതി

332 (998) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക ബീച്ച് ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) നാട്ടിക ബീച്ച് ടൂറിസവുമായി ബന്ധപ്പെട്ട് അനുവദിച്ച പദ്ധതികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ടൂറിസം വികസനം

333 (999) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിലെ ടൂറിസം വികസനത്തിനായി എത്ര രൂപ നീക്കിവച്ചിരുന്നു ; എത്ര തുക ചെലവഴിച്ചു ; നിയമസഭാ മണ്ഡലം തിരിച്ച് വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly